SUNDAY

10.12.2023

ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer’s Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 10/12/2023

1. ജനങ്ങളുമായി നേരിട്ട് സംവദിച്ച് ഭരണ പുരോഗതി വിലയിരുത്താനും ജനാഭിപ്രായം തേടാനും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മന്ത്രിസഭയൊന്നാകെ 140 നിയോജക മണ്ഡലങ്ങളിലൂടെയുള്ള പര്യടനം നടത്തുന്നു. നവകേരള സദസ്സ് 2023 ഇന്ന് എറണാകുളം ജില്ലയിലെ പെരുമ്പാവൂർ, കോതമംഗലം, മുവാറ്റുപുഴ, തൊടുപുഴ എന്നീ മണ്ഡലങ്ങളിൽ സംഘടിപ്പിക്കുന്നു.

2. ജൈവകർഷകൾക്കുള്ള അക്ഷയശ്രീ അവാർഡ് 2023ന് അപേക്ഷ ക്ഷണിച്ചു. മൂന്നുവർഷത്തിനുമേൽ ജൈവ കൃഷി ചെയ്യുന്ന കേരളത്തിലെ കർഷകരെയാണ് അവാർഡിന് പരിഗണിക്കുന്നത്. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് 2 ലക്ഷം രൂപയും ജില്ലാതലത്തിൽ അമ്പതിനായിരം രൂപ വീതമുള്ള 13 അവാർഡുകളും മട്ടുപ്പാവ്, സ്കൂൾ, കോളേജ് വെറ്ററൻസ്, ഔഷധസസ്യങ്ങൾ എന്നീ മേഖലകൾക്കായി പതിനായിരം രൂപ വീതമുള്ള 33 പ്രോത്സാഹന അവാർഡുകളും ഉണ്ടായിരിക്കും. അപേക്ഷകൾ 2024 ജനുവരി 31നു മുൻപായി ലഭിച്ചിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് കെ വി ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി. ഓ., ആലപ്പുഴ 688525 എന്ന വിലാസത്തിലോ 9447114526 ഫോൺ നമ്പറിലോ ബന്ധപ്പെടുക.

3. വൈറ്റില നെല്ലു ഗവേഷണ കേന്ദ്രത്തിൽ ഗുണമേന്മയുള്ള നാടൻ തെങ്ങിൻതൈകൾ വിവിധയിനം പച്ചക്കറിതൈകൾ, കറിവേപ്പിൻതൈകൾ, വാഴ, ഓർക്കിഡ്, ടിഷ്യുകൾച്ചർതൈകൾ, ജൈവരോഗകീടനിയന്ത്രണ ഉപാധികൾ എന്നിവ വില്പനയ്ക്ക് യാറായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0484 2809963.

4. നാളികേര ഗവേഷണ കേന്ദ്രം ബാലരാമപുരത്ത് ICAR-NAHEP-CAAST-KAU 'നാളികേര മൂല്യവർധിത ഉൽപന്ന നിർമ്മാണത്തിൽ രണ്ടു ദിവസത്തെ പരിശീലനം നൽകുന്നു. താല്പര്യമുള്ള നാളികേര കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ, എഫ്.പി. ഓ (FPO), വ്യക്തികൾ, സംരംഭകർ, വിവിധ ഗ്രൂപ്പുകൾ എന്നിവർക്ക് പങ്കെടുക്കാം. താല്പര്യമുള്ളവർ 0471-2400621, 8547603318 എന്നീ നമ്പറിൽ വിളിച്ചു പരിശീലനത്തിന് രജിസ്റ്റർ ചെയ്യേണ്ടതാണ്.

**പരിശീലന പരിപാടി**

5. തിരുവനന്തപുരം ശ്രീകാര്യത്തുള്ള Indian Council of Agricultural Research സ്ഥാപനമായ കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രം 'ഫലപ്രദമായ മൂലക പരിപാലനത്തിന് **സസ്യ -ജല – മണ്ണ് പരിശോധന**' എന്ന വിഷയത്തിൽ ഡിസംബർ 18 മുതൽ 22 വരെ അഞ്ച് ദിവസത്തെ സെമിനാർ സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താല്പര്യമുള്ള ഗവേഷകർ, കൃഷി ഓഫീസർമാർ, വിഷയ വ്യാഖ്യാന വിദഗ്ധർ, സാങ്കേതിക ഉദ്യോഗാർത്ഥികൾ, സംസ്ഥാന സർവകലാശാലകളിലെയും ICAR സ്ഥാപനങ്ങളിലെയും കൃഷിവിജ്ഞാന കേന്ദ്രങ്ങളിലെയും വിജ്ഞാന വ്യാപന വിദഗ്ധർ, സംസ്ഥാന കൃഷി വകുപ്പുകളിലെ മണ്ണ് പരിശോധനാ ലാബുകളിലെ ഉദ്യോഗസ്ഥർ, സ്വകാര്യ കാർഷിക ക്ലിനിക്കുകളിലെ ഉദ്യോഗസ്ഥർ എന്നിവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. കേന്ദ്ര കിഴങ്ങു വിള ഗവേഷണ കേന്ദ്രത്തിൽ വെച്ച് നടക്കുന്ന ഈ സെമിനാറിൽ ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് അവസരം ലഭിക്കുന്നത്. രജിസ്റ്റർ ചെയ്യാൻ താല്പര്യം ഉള്ളവർ ഡിസംബർ 11 നകം രജിസ്ട്രേഷൻ ഫീസ് ആയ 5000 രൂപയും 18% ജി എസ് ടി യും ഉൾപ്പെടെയുള്ള തുക ഒടുക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി കോഴ്സ് ഡയറക്ടർ

ആയ ഡോ. വി. രമേശുമായോ (94869 60928), ഡോ. കെ . സൂസൻ ജോണുമായോ ( 9446324298) ബന്ധപ്പെടുക. വെബ് സൈറ്റ് അഡ്രസ്സ്- http://www.ctcri.org.

6. കൃഷി വകുപ്പിന്റെ എറണാകുളം, തൃശ്ശൂർ ജില്ലകളുടെ പരിശീലന കേന്ദ്രമായ മരട് ആർ.എ.റ്റി.റ്റി.സിയിൽ വെച്ച് ഡിസംബർ മാസം 11, 12, 13 തിയതികളിൽ **"പഴം പച്ചക്കറി സംസ്കരണം" -വ്യവസായ അടിസഥാനത്തിൽ സാധ്യതയും അവസരങ്ങളും'** എന്ന വിഷയത്തിലും പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താൽപര്യമുള്ള എറണാകുളം, തൃശ്ശൂർ ജില്ലകളിലെ കർഷകർ **0484 2703838** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെട്ട് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 20 പേർക്കാണ് പങ്കെടുക്കാൻ അവസരം ലഭിക്കുക.

7. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 12ന് (12.12.23) **കാട വളർത്തൽ** എന്ന വിഷയത്തിൽ രാവിലെ 10 മുതൽ 5 മണി വരെ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491 2815454, 9188522713 എന്നീ ഫോൺ നമ്പറുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ് പരിശീലനത്തിൽ പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്.

8. കോഴിക്കോട് ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാസർഗോഡ് കുമ്പളയ്ക്കടുത്ത് നായിക്കാപ്പ് സ്ഥിതിചെയ്യുന്ന റീജിയണൽ ഡയറി ലാബ് കം ട്രെയിനിംഗ് സെന്ററിൽ വെച്ച് ഡിസംബർ 21, 22 തീയതികളിലായി (21.12.202, 22.12.2023) കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് 2 ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിന് താത്പര്യമുള്ളവർ 19.12.202 3ന് വൈകുന്നേരം 5 മണിക്ക് മുൻപായി കോഴിക്കോട്

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ക്ഷീരപരിശീലന കേന്ദ്രത്തിലോ റീജിയണൽ ഡയറി ലാബ് കം ട്രെയിനിംഗ് സെന്ററിലോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലന സമയത്ത് ആധാർ കാർഡിൻ്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0495 2414579, 04998 290626 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബറിന്റെ ശാസ്ത്രീയവിളവെടുപ്പിലുള്ള പരിശീലനം ഡിസംബർ 12, 13 തീയതികളിൽ നടത്തുന്നു. വിളവെടുപ്പ്, വിവിധയിനം ടാപ്പിങ്കത്തികളുടെ ഉപയോഗം, നൂതന ടാപ്പിങ്രീതികൾ, യന്ത്രവത്കൃത ടാപ്പിങ്, നിയന്ത്രിതകമിഴ്ത്തിവെട്ട്, ഇടവേളകൂടിയ ടാപ്പിങ്, ഉത്തേജകൗഷധപ്രയോഗം എന്നിവ പരിശീലനത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്ക് 9447710405 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്സ്ആപ്പ് നമ്പരിലോ **training@rubberboard.org.in** എന്ന ഈ-മെയിലിലോ ബന്ധപ്പെടേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം